ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ്. കേരളത്തിൽ കൺട്രാക്റ്റ് തൊഴിലാളികളുടെ ഗുണമായ വിഭാഗമാണെന്നുള്ളതു പരിഗണിച്ചു് അവരുടെ സേവനവ്യവസ്ഥക്കു് ആവശ്യമായ ക്രമീകരണം നടത്തുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന നിയമത്തിൽ രണ്ടുമുണ്ടു്.

ശ്രീ. പി ഗംഗാധരൻ : തൊഴിലാളികൾക്കു് ശരിക്കുള്ള സേവനവ്യവസ്ഥകൾ നടക്കുന്നില്ല, പ്രത്യേകിച്ചു് ഹാർബർ തൊഴിലാളികളുടെ കാര്യത്തിൽ. അതുകൊണ്ടു് എത്രയും വേഗം തൊഴിലാളി മുതലാളി ബന്ധം സ്ഥാപിച്ചെടുക്കുന്നതിനു് സൗകര്യം ഉണ്ടാക്കുന്നതിനുകൂടി പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇത്തരം കാര്യങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് കൈകാര്യം ചെയ്യുന്നതാണു്.

ശ്രീ. എൻ. കണാപ്പി : *സർ, ഇന്ത ലേജിസ്ലേഷൻ ഏർപടുത്ത നമ്മുടെയ കവർമെൻടുക്കും ഇന്ത സപൈക്കും അതികാരം ഉണ്ടാ ?*

ശ്രീ. ബി. വെല്ലിംഗ്ടൺ : അക്കാര്യം പരിശോധിച്ചു് പറയാമെന്നു സാധിക്കുകയുള്ളൂ.

ശ്രീ. വി വി. ദക്ഷിണാമൂർത്തി : ഇന്നു് പ്രൊജക്റ്റ് പ്രദർശങ്ങളിൽ കൺട്രാക്റ്റർമാരുടെ കീഴിൽ യാതൊരു വ്യവസ്ഥയുമില്ലാതെ പതിനാറും പതിനെട്ടും മണിക്കൂറുകൾ ജോലി ചെയ്യിക്കുകയും പുരുങ്ങിയ വേതനം മാത്രം കൊടുക്കുകയുംചെയ്യുകയും തൊഴിലാളികൾ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചാൽ അവരെ പിരിച്ചുവിടുകയും ചെയ്യുന്നുണ്ടു്. അങ്ങനെയുള്ള തൊഴിലാളികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കാൺട്രാക്റ്റർമാരുടെ കീഴിൽ വരുന്ന ആളുകളെ ഉൾപ്പെടുത്തികൊണ്ടാണു് നിയമം ഉണ്ടാക്കാൻ പോകുന്നതു്.

ശ്രീ. എം. എം തോമസ് : ഈ പറയുന്ന നിയമം ഉണ്ടാക്കാൻ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടു് ഇടുക്കി പദ്ധതിയിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ സേവനവ്യവസ്ഥ നിശ്ചയിക്കുന്നതിനു് എന്തെങ്കിലും ഉപാധികൾ കണ്ടുപിടിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനുള്ള നടപടികൾ എടുത്തുവരികയാണു്.

വിദ്യാഭ്യാസരംഗത്തു് പരിഷ്ക്കാരങ്ങൾ

* 896 [1264] ശ്രീ. എ. എസ്. എൻ. നമ്പീശൻ :
,, ഈ. വി. കുമാരൻ :
,, വി. വി. ദക്ഷിണാമൂർത്തി :
,, സി. ഗോവിന്ദപ്പണിക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ വിദ്യാഭ്യാസ ഉപദേശകബോർഡു് വിദ്യാഭ്യാസരംഗത്തുവരുത്തേണ്ടതായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചു് വല്ല ഉപദേശവും ഗവൺമെന്റിനു് സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രധാനപ്പെട്ട ഉപദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഉപദേശങ്ങൾ ഗവൺമെൻറ് സ്വീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ നടപ്പിലാക്കുമെന്ന് പറയുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) കേരള എഡ്യൂക്കേഷൻ ആക്റ്റിലെ നാലാം വകുപ്പും, കെ. ഇ. ആർ. ലെ 16-ാം അദ്ധ്യായവും അനുസരിച്ചാണ് വിദ്യാഭ്യാസ ഉപദേശക ബോർഡിന്റെ രൂപീകരണവും പ്രവർത്തനവും. ബോർഡിന്റെ രൂപീകരണത്തിലുള്ള ഉദ്ദേശംതന്നെ വിദ്യാഭ്യാസ നയപരമായ കാര്യങ്ങളിലും ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തേയും സംബന്ധിച്ച് ഗവൺമെൻറിനെ ഉപദേശിക്കുകയെന്നതാണ് ഇവയുടെ കാര്യങ്ങളിൽ പല ഉപദേശങ്ങളും പ്രസ്തുത ബോർഡ് കാലാകാലങ്ങളിൽ ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

(ബി, സി, ഡി) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിക്കുകയും ഗവൺമെൻറ് അത് യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്യാറുണ്ട്. വാർഷിക റിപ്പോർട്ടിനോടൊപ്പം ഗവൺമെൻറ് നൽകുന്ന എക്സ്പ്ലനേറ്ററി മെമ്മോറാണ്ടത്തിൽ ബോർഡ് നൽകുന്ന ഏതെല്ലാം ഉപദേശങ്ങൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടെന്നും സ്വീകരിക്കാത്തവയുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കാറുണ്ട്. 1967 മേയ് വരെയുള്ള വാർഷിക റിപ്പോർട്ടുകൾ ഇപ്രകാരം സഭയ്ക്ക് നൽകിയിട്ടുണ്ട്.

ബോർഡിന്റെ ഉപദേശങ്ങൾ പൊതുവേ സ്വീകരിക്കാനുള്ള മനോഭാവമാണ് ഗവൺമെൻറ് പ്രദർശിപ്പിച്ചിട്ടുള്ളത്. ഉപദേശങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ അവ നടപ്പിലാക്കാനുള്ള നടപടിയും കൈക്കൊള്ളുന്നതാണ്.

ശ്രീ. എ എസ്. എൻ നമ്പീശൻ : തുടർച്ചയായി പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ ചോർന്നുപോകുന്നതിനെ പരിഗണിച്ച് പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്തി, പരീക്ഷയില്ലാത്ത ഒരു കോഴ്സ് സംഘടിപ്പിച്ചു, അതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് കൊടുക്കണമെന്നുള്ള വല്ല നിർദ്ദേശവും ഉപദേശക സമിതി ഗവൺമെൻറിലേക്ക് വച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഉപദേശക സമിതിയിൽ നിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : മൂന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷും അഞ്ചാം ക്ലാസ്സ് മുതൽ ഹിന്ദിയും പഠിപ്പിക്കുന്നുണ്ട്. അതിലെന്തെങ്കിലും മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി എച്ച്. മുഹമ്മദുകോയ : അതിനെപ്പറ്റിയുള്ള വിവരങ്ങൾ സഭയിൽ നേരത്തെ നൽകിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരു അന്തിമ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. സി ഗോവിന്ദപ്പണിക്കർ : വിദ്യാഭ്യാസ ഉപദേശക സമിതിയിലെ മെമ്പർമാർ ആരെല്ലാമാണെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

Shri C. H. Mohammed Koya : The following are the members.

1.	Shri A. N. Thampi, Retired Director of Public Instruction	(Chairman)
2.	Dr. N. P. Pillai, Dean of the Faculty of Education, University of Kerala, Trivandrum.	Member
3.	Shri Mohassin-Bin-Ahammed, Retired District Educational Officer	do.
4.	Dr. Bhaskaran Nair, Director of Collegiate Education	do.
5.	Most Rev. Benedict Mar Gregorious, Arch Bishop of Trivandrum	do.
6.	Shri R. Sankar, S. N. Trust, Quilon	do.
7.	Shri C. O. T. Kunhipacki Sahib, Retired Public Service Commission Member, Tellicherry	do.
8.	Shri Eravankara Gopala Kurup Ex-M.L.A.	do.
9.	Shri V. K. Gopinathan, B.A.B.T. Nattika	do.
10.	Shri P. Govinda Pillai, M.L.A.	do.
11.	Shri C. C. Nair, Badagara	do.
12.	Vice Chancellor, Kerala University	(Ex-officio Member)
13.	Director of Technical Education	do.
14.	Director of Health Services	do.
15.	Director of Public Instruction	do.

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി : വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങളെപ്പറ്റിയും പ്ലാനിംഗ് ബോർഡിലെവിദ്യാഭ്യാസ അംഗം വല്ല ശുപാർശയും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : സമർപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളും ഇവിടെ വിതരണം ചെയ്തിട്ടുള്ള പ്ലാൻ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെൻറ് അക്കാര്യത്തെ സംബന്ധിച്ച് ഒരു അന്തിമതീരുമാനം എടുത്തിട്ടില്ല.

ശ്രീ. എ. കെ. അപ്പു : വിദ്യാഭ്യാസ ഉപദേശകസമിതിയുടെ റിപ്പോർട്ടിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യണമെന്നു കാണിച്ച് ഞാൻ എഴുതിക്കൊടുത്തിരുന്നു. എന്നാൽ ഇതുവരെ അതിന് മറുപടി കിട്ടുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. അതിനുള്ള കാരണമെന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അത് മന്ത്രി ഉത്തരം പറയേണ്ടതാണെന്നു തോന്നുന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : പ്ലാനിംഗ് ബോർഡിന്റെ രൂപീകരണത്തിനുശേഷവും വിദ്യാഭ്യാസഉപദേശകബോർഡും പ്ലാനിംഗ് ബോർഡും പല ഉപദേശങ്ങളും പല പോളിസികളും നൽകാറുണ്ട്. അവയ്ക്കെല്ലാംതന്നെ ഏകീകൃതസ്വഭാവമുണ്ടോ? അവ തമ്മിൽ വൈരുദ്ധ്യങ്ങളും പ്രയാസങ്ങളുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങൾ ഉണ്ടെങ്കിൽ അവ ദൂരീകരിക്കുന്നതിന് ഈ രണ്ടു സ്ഥാപനങ്ങളേയും തമ്മിൽ കോ ഓർഡിനേറ്റ് ചെയ്തു പ്രവർത്തിപ്പിക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പ്ലാനിംഗ് ബോർഡിൽനിന്നും വിദ്യാഭ്യാസ ഉപദേശകസമിതിയിൽനിന്നും വ്യത്യസ്തങ്ങളായ ഉപദേശങ്ങൾ വന്നുവെന്നു വരും. ആ ഉപദേശങ്ങളെല്ലാം നടപ്പിൽ വരുത്തുന്നത് ഗവൺമെൻറാണ്. ആ സൻദർഭത്തിൽ ആവശ്യമായ ഉപദേശങ്ങൾ പരിഗണിച്ച് നടപ്പിൽ വരുത്തും. എന്നന്നേക്കുമായി വിദ്യാഭ്യാസത്തിൻെറ ചാർജ് വഹിക്കുന്ന മെമ്പറെ (പ്ലാനിംഗ് ബോർഡ് മെമ്പർ) ഉപദേശകസമിതി മെമ്പറൻമാരുമായി കോ ഓർഡിനേറ്റു ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി : പ്ലാനിംഗ് ബോർഡ് കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ട് മന്ത്രിസഭ പരിഗണിക്കുന്നില്ലെന്ന് പ്ലാനിംഗ് ബോർഡ് മെമ്പറായ ശ്രീ. ജോസഫ് മുണ്ടശ്ശേരി പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പ്ലാനിംഗ് ബോർഡ് മെമ്പർ പ്രൊഫസർ മുണ്ടശ്ശേരിയുടെ പ്രസ്താവന മറ്റു പലരും വായിക്കുന്നതുപോലെ ഞാനും പത്രത്തിൽ വായിക്കാൻ ഇടയായി. അല്ലാതെ കൂടുതലായി ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : പ്ലാനിംഗ് ബോർഡിൽ വിദ്യാഭ്യാസത്തിൻെറ പ്രധാന ചുമതല വഹിക്കുന്ന പ്രൊഫസർ മുണ്ടശ്ശേരി വ്യക്തിപരമായി വിദ്യാഭ്യാസപരിഷ്ക്കരണത്തിനുവേണ്ടി ഒരു പ്രബന്ധം തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. നാലാം പഞ്ചവൽസര പദ്ധതിയുടെ കരടുരേഖയിൽ വിദ്യാഭ്യാസത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപദേശകസമിതി വിദ്യാഭ്യാസത്തെപ്പറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ഇതെല്ലാം കൂടി നോക്കിയപ്പോൾ വലിയ വൈരുദ്ധ്യങ്ങൾ ഉള്ളതായി കാണുന്നു. ആ വൈരുദ്ധ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിൽ ഏതു ഉപദേശമാണ് ഗവൺമെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇങ്ങനെ വൈരുദ്ധ്യുള്ള പല ഉപദേശങ്ങളും ഗവൺമെൻറിനു കിട്ടാറുണ്ട്. അങ്ങനെയുള്ള ഉപദേശങ്ങളിൽ ഏതാണ് നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം പ്രയോജനപ്പെടുന്നതെന്നുള്ളതിനെ സംബന്ധിച്ചാണ് അന്തിമതീരുമാനം എടുക്കുന്നത്.

ശ്രീ. എ. വി. കുഞ്ഞമ്പു : മൂന്നാം ക്ലാസു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതും, അഞ്ചാം ക്ലാസു മുതൽ ഹിൻദിയും പഠിപ്പിക്കുന്നതും എന്തു മാനദണ്ഡമനുസരിച്ചാണെന്നു പറയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : മാനദണ്ഡമൊന്നുമില്ല. അന്ന് തീരുമാനം എടുത്തിട്ടുള്ളവർക്ക് ഇതാണ് നല്ലതെന്ന് തോന്നി. അഞ്ചാം തരത്തിനു മുമ്പ് അന്യഭാഷ പഠിപ്പിക്കരുതെന്നാണ് കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : പ്ലാനിംഗ് ബോർഡ് അംഗമായ പ്രൊഫസർ മുണ്ടശ്ശേരി വിദ്യാഭ്യാസപരിഷ്ക്കരണത്തെപ്പറ്റി ഗവൺമെൻറിലേക്ക് സമർപ്പിച്ച ശുപാർശ നടപ്പിലാക്കാത്തതിനെപ്പറ്റി ഒരു പ്രസ്താവന പത്രത്തിൽ പുറപ്പെടുവിച്ചിരുന്നത് ബഹുമാനപ്പെട്ട മന്ത്രി വായിച്ചുവെന്നു പറയുകയുണ്ടായി. പ്രൊഫസർ മുണ്ടശ്ശേരിയുടെ പ്രസ്താവനയിൽ പറയുന്നത് ശരിയാണോ ? അങ്ങനെ ഉണ്ടാകാനുള്ള സാഹചര്യം എന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പ്രൊഫസർ മുണ്ടശ്ശേരി അദ്ദേഹത്തിൻെറ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിദ്യാഭ്യാസകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്രസ്താവന ചെയ്യാൻ പാടില്ലെന്ന് ശഠിക്കാൻ നിവൃത്തിയില്ല. പ്ലാനിംഗ് ബോർഡ് ചെയ്ത ശുപാർശ ഗവൺമെൻറു നടപ്പിലാക്കിയിട്ടില്ലെന്ന ആവലാതി പത്രത്തിൽ കണ്ടപ്പോഴേതന്നെ ഞാൻ പത്രപ്രതിനിധികളോടു പറഞ്ഞു ബോർഡിൻെറ അഭിപ്രായമാണ് അതു ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞിട്ടില്ല എന്ന്. ഈ രണ്ടു പ്രസ്താവനകളും വച്ച് ഞങ്ങടെ തമ്മിൽ എന്തോ അഭിപ്രായവ്യത്യാസം ഉണ്ടെന്നു വരുത്തി ചില പത്രങ്ങടെ മുതലെടുക്കാൻ ശ്രമിച്ചിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : ഇവിടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചുമതല വഹിക്കുന്ന വിദ്യാഭ്യാസമന്ത്രിയും പ്ലാനിംഗ് ബോർഡും തമ്മിലുള്ള അഭിപ്രായവ്യത്യാസമുണ്ടെന്നു പത്രങ്ങളിൽ വന്നിട്ടുണ്ട്. എന്തു കാരണവശാലാണ് പ്ലാനിംഗ് ബോർഡ് അങ്ങനെയൊരു അഭിപ്രായം പറയാൻ ഇടയായതെന്നുള്ളതിനെക്കുറിച്ചുള്ള വല്ല വിശദീകരണവും ഗവൺമെൻറ് അവരിൽനിന്നു ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഞങ്ങടെ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടില്ല. ഉണ്ടാകണമെന്ന് ആഗ്രഹിച്ചവർ പത്രങ്ങളിലെ പ്രസ്താവന വളച്ചൊടിച്ചു എന്നേയുള്ളൂ. ഇവിടത്തെ വിദ്യാഭ്യാസമണ്ഡലത്തിൽ ഇന്നയിന്ന മാറ്റങ്ങടെ വരുത്തണമെന്നുള്ള അദ്ദേഹത്തിൻെറ നിർദ്ദേശം പുറത്തു വന്നു. അങ്ങനെ വന്നപ്പോഴേ പ്ലാനിംഗ് ബോർഡും മന്ത്രിസഭയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞുകൊണ്ട് പത്രങ്ങളിൽ വാർത്ത വന്നു. പത്രക്കാർ എന്നെ സമീപിച്ചപ്പോഴേ, അത് അദ്ദേഹത്തിൻെറ അഭിപ്രായമാണ്, ആ അഭിപ്രായം ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്, ഗവൺമെൻറ് ഒരു തീരുമാനമെടുത്താലേ ഗവൺമെൻറിൻെറ അഭിപ്രായമാകുകയുള്ളൂ എന്നു മാത്രമേ ഞാൻ അവരോട് പറഞ്ഞിട്ടുള്ളൂ. പ്ലാനിംഗ് ബോർഡിൽ അംഗമായതുകൊണ്ട് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനുള്ള അഭിപ്രായങ്ങടെ പുറത്തു പറഞ്ഞുകൂടെന്നില്ല. അദ്ദേഹം പറയുന്ന അഭിപ്രായങ്ങടെ അതേപടി ഉടനടി ഗവൺമെൻറ് അംഗീകരിക്കണമെന്നുമില്ല.

ശ്രീ. കെ. എം. ജോർജ് : വിദ്യാഭ്യാസമേഖലയിൽ ഏതാണ്ട് വർഷങ്ങളായിത്തന്നെ അപമാനമായി മാറിക്കഴിഞ്ഞിട്ടുള്ളതും, ലക്ഷക്കണക്കിന് വിദ്യാർത്ഥികളേയും, രക്ഷാകർത്താക്കളേയും ഒരുപോലെ ബാധിക്കുന്നതുമായ ചോദ്യക്കടലാസ് ചോർച്ച അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും ഉപദേശം ഈ വിദ്യാഭ്യാസ ഉപദേശകബോർഡ് നൽകിയിട്ടുണ്ടോ ? ഏതുവഴിക്കെങ്കിലും ഇതിനൊരു പരിഹാരമുണ്ടാക്കുന്ന കാര്യം ഗവൺമെൻറ് ഗൗരവതരമായി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഈ അടുത്തകാലത്ത് ഉപദേശകസമിതി പരീക്ഷാചോദ്യക്കടലാസ് ചോർച്ചയെ സംബന്ധിച്ചിടത്തോളം ശുപാർശകൾ സമർപ്പിച്ചതായി അറിവില്ല. എസ്.എസ്.എൽ.സി. പരീക്ഷയെ

സംബന്ധിച്ചിടത്തോളം ചോദ്യക്കടലാസ് ചോർച്ചയുണ്ടാകുന്നത് ഇപ്പോഴാ ആദ്യമായിട്ടാണ്. പരീക്ഷാ ചോദ്യക്കടലാസ് ചോർന്നുപോകാതിരിക്കുവാൻ വേണ്ടിയുള്ള എല്ലാ മുൻകരുതൽ നടപടികളും പരീക്ഷാവിഭാഗം കമ്മീഷണറുടെ ആഫീസിൽ വളരെക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് പരീക്ഷാ ചോദ്യക്കടലാസ് ഡെസ്പാച്ച് ചെയ്തു ഒരാഴ്ചക്കു മുമ്പ് ഹെഡ്മാസ്റ്റർമാർക്ക് അയക്കുന്നുണ്ട്. ഇപ്പോഴാ ചോർച്ച ഉണ്ടായതിനെ സംബന്ധിച്ചിടത്തോളം എവിടെയാണ് പിശകു പറ്റിയിട്ടുള്ളതെന്നു അന്വേഷിച്ചതിനുശേഷമേ മനസ്സിലാക്കാൻ കഴിയുകയുള്ളു. മേലിൽ ഇത്തരത്തിലുള്ള ചോർച്ച ഇല്ലാതാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എം. ജോർജ്: ഈ കൊല്ലം ചോദ്യക്കടലാസ് ചോർച്ച വരാനുള്ള കാരണങ്ങളിൽ ഒന്ന്, ചില അദ്ധ്യാപകരും, ഹെഡ്മാസ്റ്റർമാരും ഈ മേഖലയിൽ കുഴപ്പമുണ്ടാക്കണമെന്ന് മനഃപൂർവ്വമായി ഉദ്ദേശിച്ചതുകൊണ്ടാണെന്നും, പ്രത്യയശാസ്ത്രപരമായ കാരണങ്ങളാൽ പ്രവർത്തിച്ചതുകൊണ്ടാണെന്നുമുള്ള വാർത്ത പത്രങ്ങളിൽവന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ കർക്കശ്ശമായി ആ പ്രവണത അവസാനിപ്പിക്കുന്നതിനു വേണ്ട നടപടി നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴാ ബഹുമാനപ്പെട്ട മെമ്പർ നൽകിയ വിവരം അന്വേഷണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിക്കുന്നു. അങ്ങനെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം പ്രത്യയശാസ്ത്രപരമായോ മറ്റോ ഉള്ള കാരണങ്ങളാൽ അദ്ധ്യാപകരുടെ പക്ഷത്തുനിന്ന് എന്തെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമാകുകയാണെങ്കിൽ ആ സാമൂഹ്യദ്രോഹനടപടിയെയാതൊരു ദാക്ഷിണ്യവും കൂടാതെ ഗവൺമെന്റ് നേരിടുന്നതാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മുഖ്യമന്ത്രി ഏതാനും ദിവസം മുമ്പ് ഒരു പ്രസംഗത്തിൽ പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്നു പ്രസ്താവിച്ചതായി പത്രങ്ങളിൽ വാർത്തകണ്ടു. അതു ഗവൺമെന്റിന്റെ നയമാണോ എന്നും, നയമാണെങ്കിൽ അതു നടപ്പാക്കുന്ന കാര്യവും പരിഗണിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞങ്ങളൊക്കെ അനേകം യോഗങ്ങളിൽ ദിവസേന പ്രസംഗിക്കാറുണ്ട്. പ്രസംഗിക്കുന്ന കാര്യങ്ങളെല്ലാം ഗവൺമെന്റിന്റെ നയമാണോ, അതിന്റെ സ്ഥിതി എന്താണ് എന്നൊക്കെ ചോദിച്ചാൽ പെട്ടെന്നു ഉത്തരം പറയാൻ കഴിയുകയില്ല. ഗവൺമെന്റിന്റെ നയം എന്തായിരിക്കുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാരെകൂടി അറിയിച്ചുകൊണ്ടേ നടപ്പിൽ വരുത്തുകയുള്ളു.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ജില്ലാ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപദേശകസമിതികൾ വേണമെന്നു കേരള വിദ്യാഭ്യാസ നിയമത്തിൽ എഴുതിവച്ചിട്ടുണ്ട്. ആ ഉപദേശകസമിതികൾ സംഘടിപ്പിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതു നടപ്പാക്കാതിരിക്കാനുള്ള കാരണമെന്താണ്

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതേസംബന്ധിച്ച് നടപ്പാക്കണമോ വേണ്ടയോ എന്നുള്ളതിന് അന്തിമ തീരുമാനമായിട്ടില്ല. ഇപ്പോഴാ അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly